**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 509** **09-08-2023 - ൽ മറുപടിയ്ക്ക്**

**ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2014 ലെ പത്താം ശമ്പള പരിഷ്കരണം വഴി സർക്കാരിനുണ്ടായ അധിക ബാദ്ധ്യത ഒമ്പതാം ശമ്പള പരിഷ്കരണത്തെ അപേക്ഷിച്ച് എത്ര ശതമാനം ആയിരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | 2014 –ലെ പത്താം ശമ്പള പരിഷ്കരണം വഴി സർക്കാരിനുണ്ടായ അധിക ബാദ്ധ്യത ഒൻപതാം ശമ്പള പരിഷ്കരണത്തെ അപേക്ഷിച്ച് ഏകദേശം 14.1% ആണ്. |
| (ബി) | പത്താം ശമ്പള പരിഷ്കരണത്തിലെ സർവീസ് വെയിറ്റേജ് എത്ര ശതമാനം ആയിരുന്നുവെന്ന് അറിയിക്കാമോ; | (ബി) | സർവ്വീസ് പൂർത്തിയാക്കിയ ഓരോ വർഷത്തിനും അടിസ്ഥാന ശമ്പളത്തിന്റെ ½ ശതമാനം എന്ന നിരക്കിൽ പരമാവധി 15 ശതമാനമാണ് പത്താം ശമ്പള പരിഷ്കരണത്തിൽ സർവ്വീസ് വെയിറ്റേജായി അനുവദിച്ചിരുന്നത്. |
| (സി) | 2019 ലെ പതിനൊന്നാം ശമ്പള പരിഷ്കരണത്തിലെ സർവീസ് വെയിറ്റേജ് എത്ര ശതമാനം ആയിരുന്നുവെന്ന് അറിയിക്കാമോ; | (സി) | 2019-ലെ പതിനൊന്നാം ശമ്പള പരിഷ്കരണത്തിൽ സർവ്വീസ് വെയിറ്റേജ് അനുവദിച്ചിട്ടില്ല. |
| (ഡി) | പത്താം ശമ്പള പരിഷ്കരണത്തെ അപേക്ഷിച്ച് പതിനൊന്നാം ശമ്പള പരിഷ്കരണം വഴി സർക്കാരിനുണ്ടായ അധിക ബാദ്ധ്യത എത്ര ശതമാനം ആയിരുന്നുവെന്ന് വ്യക്തമാക്കാമോ; | (ഡി) | പത്താം ശമ്പള പരിഷ്കരണത്തെ അപേക്ഷിച്ച് പതിനൊന്നാം ശമ്പള പരിഷ്കരണം വഴി സർക്കാരിനുണ്ടായ അധിക ബാദ്ധ്യത ഏകദേശം 11.8% ആണ്. |
| (ഇ) | പത്താം ശമ്പള പരിഷ്കരണത്തോടനുബന്ധിച്ചുള്ള കുടിശ്ശിക ജീവനക്കാർക്കും പെൻഷൻകാർക്കും എപ്പോഴാണ് കൊടുത്തു തീർത്തതെന്ന് വ്യക്തമാക്കാമോ; | (ഇ) | പത്താം ശമ്പള പരിഷ്കരണത്തോടനുബന്ധിച്ചുള്ള കുടിശ്ശിക 25% വീതം നാല് ഗഡുക്കളായി യഥാക്രമം 09.04.2017-ലെ സ.ഉ.(അച്ചടി)നം.45/2017/ധന, 06.10.2017-ലെ സ.ഉ.(അച്ചടി)നം.128/2017/ധന, 26.03.2018-ലെ സ.ഉ.(അച്ചടി)നം.50/2018/ധന, 16.09.2018-ലെ സ.ഉ.(അച്ചടി)നം.146/2018/ധന എന്നീ ഉത്തരവുകൾ പ്രകാരം 01.04.2017, 01.10.2017, 01.04.2018, 01.10.2018 എന്നീ തീയതികളിൽ അനുവദിച്ച് ഉത്തരവായിരുന്നു. |
| (എഫ്) | പതിനൊന്നാം ശമ്പള പരിഷ്കരണത്തോടനുബന്ധിച്ചുള്ള കുടിശ്ശിക എപ്രകാരം കൊടുക്കാനാണ് ഉത്തരവായിരുന്നതെന്നും ആയത് കൊടുക്കാൻ | (എഫ്) | പതിനൊന്നാം ശമ്പള പരിഷ്കരണത്തോടനുബന്ധിച്ചുള്ള കുടിശ്ശിക 25% വീതം നാല് ഗഡുക്കളായി 01.04.2023, 01.10.2023, 01.04.2024, 01.10.2024 എന്നീ |

| | | | |
|---|---|---|---|
| | സാധിച്ചോയെന്നും എപ്പോൾ കൊടുത്തു തീർക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ? | | തീയതികളിലായി പി.എഫിൽ ലയിപ്പിക്കുമെന്ന് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിന്റെ ഖണ്ഡിക 43-ൽ പരാമർശിച്ചിരുന്നു. എന്നാൽ ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ആദ്യ ഗഡു പി.എഫ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നത് നീട്ടി വച്ചു കൊണ്ട് 30.03.2023-ലെ സ.ഉ.(അച്ചടി) നം.31/2023/(34)/ധന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക കൊടുത്തു തീർക്കുന്ന കാര്യത്തിൽ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ചു കൊണ്ട് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ